## പാഠം 20

# യേശുവിന്റെ മനുഷ്യാവതാരം

**പാഠോദ്ദേശ്യം** : കർത്താവും രക്ഷിതാവും ആയി യേശുക്രിസ്തു നമുക്കായി ജനിച്ചു

**പാഠഭാഗം :** മത്തായി 1 :1–24, ലൂക്കൊസ് 1:26–38, 2:1–7

**മനഃപാഠം :** മത്തായി 1:21

"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേർ ഇടണം."

**പാഠം :**

പാലസ്തീൻ എന്ന രാജ്യത്തുള്ള നസ്രേത്ത് എന്ന ഗ്രാമത്തിൽ 'മറിയ' എന്നു പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ വളരെ ദൈവഭക്തയായിരുന്നു. മാതാപിതാക്കൾ അവൾക്ക് 'യോസേഫ്' എന്നു പേരുള്ള ഒരു പുരുഷനുമായി വിവാഹം നിശ്ചയിച്ചിരുന്നു. ഒരു ദിവസം മറിയ തന്റെ ഭവനത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു വലിയ തേജസ്സ് മുറിയ്ക്കകത്തുണ്ടായി. ആ തേജസ്സിന്റെ നടുവിൽ നിന്ന് 'ഗബ്രിയേൽ' മാലാഖ അവളോട് സംസാരിച്ചു.



*ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ*

*I am the Lord's servant. May it be to me as you have said.*

## Lesson 20

# THE HUMAN INCARNATION OF JESUS

**Learning Objectives** : The Lord and Savior Jesus Christ was born for us.

**Passage for Study** : Matthew 1:1-24; Luke 1:26-38; 2:1-7

**Memory Verse** : Matthew 1:21

You are to name him Jesus because he will save his people from their sins.

**Lesson**

There was a young woman named Mary in the town of Bethlehem in the land of Palestine. She was a God-fearing woman. Her parents had decided to get her married to a man named Joseph. One day while praying in her room, a bright light appeared in her room and an angel named Gabriel spoke to her.





*മറിയയേ ഭയപ്പെടേണ്ടാ, നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് 'യേശു' എന്ന് പേർ വിളിക്കണം.*

*Do not be afraid, Mary. You have found favor with God. You will be with child and give birth to a son, and you are to give him the name Jesus.*

മാസങ്ങൾ ചിലതു കഴിഞ്ഞു. ഗബ്രിയേൽ ദൂതൻ പറഞ്ഞതുപോലെ മറിയയ്ക്കു സംഭവിച്ചു. രാജ്യത്തെ ജനസംഖ്യ തിട്ടപ്പെടുത്താൻ എല്ലാ ആളുകളും അവരവരുടെ പട്ടണത്തിലേക്ക് പോകണമെന്ന് രാജകല്പന ഉണ്ടായി. എല്ലാവരെയും പോലെ യോസേഫും ഗർഭിണിയായ മറിയാമും ബദ്ധപ്പെട്ട് ബേത്‌ലഹേമിലേക്ക് യാത്ര തിരിച്ചു. അനേക സ്ഥലത്തുനിന്ന് അനേകർ പട്ടണത്തിൽ വന്നുകൂടിയതിനാൽ യോസേഫിനും മറിയയ്ക്കും സുഖമായി താമസിക്കുന്നതിന് ഒരു വീടും കിട്ടിയില്ല. ഈ ചുറ്റുപാടിൽ മറിയയ്ക്ക് പ്രസവവേദനയും ആരംഭിച്ചു. അവർക്ക് എങ്ങും സ്ഥലം കിട്ടാതെ വന്നതിനാൽ ഒരു പശുത്തൊഴുത്തിൽ താമസിച്ച് മറിയ ലോകനാഥനെ പ്രസവിച്ചു. തുണിക്കഷണങ്ങളിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചെങ്കിലും ശിശുവിനെ കണ്ടപ്പോൾ അവർ അത്യന്തം സന്തോഷിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. ദൂതൻ പറഞ്ഞതനുസരിച്ച് 'രക്ഷിതാവ്' എന്നർത്ഥമുള്ള 'യേശു' എന്നവർ കുഞ്ഞിന് പേരിട്ടു.

Some months passed by. It happened to Mary just as the angel had told her. The command came from the king that everyone should go to their own towns to register for the census. Joseph and Mary, who was pregnant, hurried to journey to Bethlehem. Since many people were in the town for the census, Joseph and Mary did not get a suitable place to rest. Mary began to develop labor pains. Since they could not get any place to stay, Mary gave birth to Jesus in a manger. They wrapped him in clothes and were overjoyed to see him even though they had to undergo many difficulties. They named the child Jesus which means 'Savior'.






1. യേശു എന്ന വാക്കിന്റെ അർത്ഥം ?
2. യേശു ജനിച്ചത് എവിടെ?
3. യേശുവിന്റെ അമ്മയുടെ പേരെന്ത്?

1. What is the meaning of the name ‘Jesus’?
2. Where was Jesus born?
3. What was the name of the mother of Jesus?




## നിറംകൊടുക്കുക *Colouring*

